**ഇൻഫർമേഷൻ കേരള മിഷൻ**

ടി സി. നം. 25/3264(1) സ്വരാജ് ഭവൻ,

നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം -695 003

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**സാന്നിദ്ധ്യം- ഡോ. ചിത്ര എസ് ഐ എ എസ്**

**സംഗ്രഹം**

വിഷയം:-ഇൻഫർമേഷൻ കേരള മിഷൻ - ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കുന്നതിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Human Resource (Establishment Division)

**നമ്പർ:420/ഇ4/2020/ഐ.കെ.എം** **തിരുവനന്തപുരം, തീയതി:- 05/10/2020**

---

പരാമർശം:- 1. 31.08.2017 ലെ സ.ഉ.(സാധാ) നം.176/2017/തസ്വഭവ ഉത്തരവ്

2. 27.03.2018 ലെ തസ്വഭവ-ഐ.ബി.1/78/2018-തസ്വഭവ നമ്പർ സർക്കാർ കത്ത്

3. 25.10.2019 ലെ ഐ.കെ.എം/ഇ-4/2721/2019 നമ്പർ കത്ത്.

4. 12.06.2020 ലെ 20-മത് ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ. 20

5 . 24.08.2020 ലെ തസ്വഭവ-ഐ.ബി.1/268/2018-തസ്വഭവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതുവരെ, KSR ലെ വ്യവസ്ഥകൾ ബാധകമാക്കുമെന്ന് പരാമർശിച്ചിരുന്നു. തുടർന്ന് ഐ.കെ.എമ്മിലെ ജീവനക്കാർക്ക് പരാമർശം (2) പ്രകാരം 01.09.2017 പ്രാബല്യത്തിൽ വാർഷിക ഇൻക്രിമെൻറ്, ലീവ്, ലീവ് സറണ്ടർ, തുടങ്ങിയ അനുകല്യങ്ങൾക്ക് അർഹതയുണ്ട് എന്ന് വ്യക്തമാക്കിയിരുന്നു തുടർന്ന് ടി അനുകല്യങ്ങൾ ഐ.കെ.എമ്മിലെ ജീവനക്കാർക്ക് അനുവദിച്ചിരുന്നു. എന്നാൽ വിവിധ അവധികൾ 01.09.2017 ന് മുൻപ് അനുവദിച്ചതുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിന്നിരുന്നതിനാൽ, ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു.

കൂടാതെ പരാമർശം (4) പ്രകാരം ഈ വിഷയം സംബന്ധിച്ച് 12.06.2020 ൽ നടന്ന 20-മത് ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ട നമ്പർ. 20 ആയി ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച് സർക്കാരിലേക്ക് വിശദമായ കത്ത് നൽകണമെന്നും തീരുമാനിച്ചിരുന്നു. എന്നാൽ പരാമർശം (5) ലെ കത്ത് പ്രകാരം ഐ.കെ.എമ്മിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ ഇപ്പോൾ നൽകി വരുന്ന അനുകല്യങ്ങൾ അനുവദിക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം (5) ലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എമ്മിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതുവരെ ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

ഡോ. ചിത്ര എസ് ഐ എ എസ്

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ് Establishment (E2, E3, E7)

എല്ലാ ജീവനക്കാർക്കും

അക്കൗണ്ട്സ് വിഭാഗം

ഐ കെ എം വെബ്സൈറ്റ്

ഓഫീസ് പകർപ്പ്